# لا تدعها تمر عليك مـــــــــــــــــرور الكرام

# നിന്നെ ലക്ഷ്യത്തിലേക്കെത്തിക്കുന്ന ഈവസ്വിയ്യത്തുകള്‍ നീഒഴിവാക്കാതിരിക്കുക

## من وصايا الرسول الكريم صلى الله عليه وسلم

## നബി(സ)യുടെ ഉപദേശങ്ങളില്‍ നിന്ന്

**ورد عن الرسول الكريم صلوات الله وسلامه عليه بعض الوصايا الجامعة المانعة عظيمة القدر والفائدة التي لا غنى لمسلم عنها في حياته اليومية وأحواله العامة والخاصة** ، وبين يديك بعض الوصايا مع اعتراف العجز عن الإحاطة بكل وصاياه صلى الله عليه وسلم:

**ഗുണകരവും വളരെ മഹത്വമുള്ളതും എല്ലാവശങ്ങളെയും സ്പര്‍ശിക്കുന്നതുമായ ചില ഉപദേശങ്ങള്‍ നബി(സ)യില്‍ നിന്ന് വന്നിട്ടുണ്ട്. ഒരു മുസ്ലിമിന്റെ നിത്യജീവിതത്തില്‍പൊതുവായും പ്രത്യേകമായും ഒഴിച്ചുകൂടാന്‍പറ്റാത്ത കാര്യമാണത്. അത്കൊണ്ട് നബി(സ)യുടെ മുഴുവന്‍ഉപദേശങ്ങളും പറയാന്‍ അശക്തനാണെങ്കിലും ചിലകാര്യങ്ങള്‍ നിങ്ങളുടെമുന്നില്‍ വെക്കുന്നു.**

### وصايا سبع جامعة من النبي صلى الله عليه وسلم لأبي ذر

عن أبي ذر رضي الله عنه قال: أمرني خليلي بسبع

**അബൂദറ്(റ)നെ തൊട്ട്ഉദ്ധരിക്കുന്നു. അബൂദറ്(റ)പറഞ്ഞു. എന്നോട് എന്റെ ഖലീല്‍ ഏഴ് കാര്യം കൊണ്ട് കല്‍പിച്ചു.**

أمرني بحب المساكين والدنو منهم

**പാവപ്പെട്ടവരെ ഇഷ്ടപ്പെടാനും അവരുമായി ഇടപഴകാനും എന്നോട് കല്‍പിച്ചു.**

وأمرني أن أنظر إلى من هو دوني ولا أنظر إلى من هو فوقي

**എന്നേക്കാള്‍ താഴെയുള്ളവരിലേക്ക് നോക്കാനും മുകളിലുള്ളവരിലേക്ക് നോക്കാതിരിക്കാനും( സമ്പാദ്യത്തിന്റെ വിഷയത്തില്‍) എന്നോട് കല്‍പിച്ചു.**

وأمرني أن أصل الرحم وإن أدبرت

**എത്ര വിഷമകരമാണെങ്കിലും കുടുംബ ബന്ധം ചേര്‍ക്കണമെന്നും എന്നോട് കല്‍പിച്ചു.**

www.islamkerala.com

وأمرني أن لا أسأل أحدًا شيئًا
**ഒരാളോടും ഒരു കാര്യവും ചോദിക്കരുതെന്നും എന്നോട് കൽപിച്ചു.**

وأمرني أن أقول بالحق وإن كان مُرًّا
**കൈപ്പേറിയതാണെങ്കിലും സത്യം മാത്രമേ പറയാവൂ എന്ന് എന്നോട് കൽപിച്ചു.**

وأمرني أن لا أخاف في الله لومة لائم
**അല്ലാഹുവിന്റെ കാര്യത്തിൽ ഒരു ആക്ഷേപകന്റെ ആക്ഷേപത്തെയും ഭയപ്പെടരുതെന്ന് എന്നോട് കൽപിച്ചു.**

وأمرني أن أكثر من قول لا حول ولا قوة إلا بالله فإنهن من كنز تحت العرش
**"ലാഹൗല വലാഖുവ്വത്ത ഇല്ലാബില്ലഹ് "ഈ ദിക്റിനെ വർദ്ധിപ്പിക്കാൻ എന്നോട് കൽപിച്ചു. കാരണം അത് അർഷിന്റെ താഴെയുള്ള നിധിയാണ്.**

## الوصية بزيارة القبور والاعتبار بالموتى
## മരണം പ്രതീക്ഷിക്കൽ കൊണ്ടും ഖബ്റ് സിയാറത്ത് കൊണ്ടുമുള്ള ഉപദേശം

عن أبي ذر رضي الله عنه أن رسول الله صلى الله عليه وسلم أوصاه فقال له: "زُر القبور تذكر الآخرة، واغسل الموتى، فإن معالجة جسد خاوٍ موعظة بليغة"
**അബൂദറ്(റ) ഉദ്ധരിക്കുന്നു. നബി(സ)അബൂദർ(റ)നോടുള്ള ഉപദേശത്തിൽ പറഞ്ഞു. ആഖിറ സ്മരണയെ ഉണ്ടാക്കുന്ന ഖബ്ർ സിയാറത്ത് നീ ചെയ്യുക, മരണപ്പെട്ടവരെ നീ കുളിപ്പിക്കുക കാരണം ( ആത്മാവ്) പിരിഞ്ഞ ശരീരത്തെ പരിപാലിക്കൽ വലിയ ഉപദേശമാണ്========**

## وصايا سبع بليغة
## ഉന്നതമായ ഏഴ് വസിïയ്യത്തുകൾ

قال رسول الله صلى الله عليه وسلم : أوصاني ربي بسبع أوصيكم بها
**നബി(സ) പറഞ്ഞു എന്റെ റബ്ബ് എന്നോട് വസിയ്യത്ത് ചെയ്ത ഏഴ് കാര്യങ്ങൾ ഞാൻ നിങ്ങളോട് വസിയ്യത്ത് ചെയ്യുന്നു.**

أوصاني بالإخلاص في السر والعلانية
**രഹസ്യമായാലും പരസ്യമായാലും ആത്മാർത്ഥത പുലർത്താൻ എന്നോട് വസിയ്യത്ത് ചെയ്തു.**

www.islamkerala.com

والعدل في الرضا والغضب
**വിദ്വേഷത്തിലും തൃപ്തിയിലും നീതി പുലർത്തുക**

والقصد في الغنى والفقر
**ദാരിദ്ര്യത്തിലും ഐശ്വര്യത്തിലും മിതത്വം പാലിക്കുക**

وأن أعفو عمّن ظلمني
**എന്നോട് അക്രമം കാണിച്ചവർക്ക് ഞാൻ മാപ്പ് കൊടുക്കുക.**

وأعطي من حرمني
**എനിക്ക് തടഞ്ഞവർക്ക് ഞാൻ കൊടുക്കുക**

وأصل من قطعني
**എന്നോട് ബന്ധം മുറിച്ചവരോട് ഞാൻ ബന്ധം സ്ഥാപിക്കുക**

وأن يكون: صمتي فكرًا، ونُطقي ذكرًا، ونظري عِبَرًا".
**എന്റെ നിശബ്ദത ചിന്തയും, എന്റെ സംസാരം സ്മരണയും, (അല്ലാഹുവിനെ) എന്റെ നോട്ടം ദൃഷ്ടാന്തവുമായിരിക്കണം**

## خمس وصايا نافعات
## ഉപകാരപ്രദമായ അഞ്ചു വസിയ്യത്തുകൾ

عن أبي هريرة رضي الله عنه قال: قال رسول الله صلى الله عليه وسلم : من يأخذ عني هذه الكلمات فيعمل بهن أو يُعلّم من يعمل بهن؟ فقال أبو هريرة: قلت: أنا يا رسول الله فأخذ بيدي فعدّ خمسًا فقال
**അബൂഹുറൈറ റ(റ)യെ തൊട്ട് ഉദ്ധരിക്കുന്നു. നബി(സ) പറഞ്ഞു. ഞാനീ പറയുന്ന കാര്യങ്ങൾ സ്വീകരിച്ചു പ്രവർത്തിക്കുകയോ അല്ലെങ്കിൽ അത് പ്രവർത്തിക്കുന്നവർക്ക് പഠിപ്പിച്ച് കൊടുക്കുകയോ ചെയ്യുന്നവർ ആരാണ് ? അപ്പോൾ അബൂഹുറൈറ(റ)പറഞ്ഞു. ഞാൻ തയ്യാറാണ് നബിയേ! അപ്പോൾ നബി(സ) എന്റെ കൈ പിടിച്ചു അഞ്ചു കാര്യങ്ങൾ എണ്ണിപ്പറഞ്ഞു.**

اتّق المحارم تكن أعبد الناس
**നീ അല്ലാഹുവിന്റെ അതിർ വരമ്പുകളെ സൂക്ഷിക്കുക. എന്നാൽ നീ ജനങ്ങളിൽ ഏറ്റവും ആരാധന ചെയ്യുന്നവനായിരിക്കും**

وارضَ بما قسم الله لك تكن أغنى الناس

www.islamkerala.com

**അല്ലാഹു നിനക്ക് നൽകിയതിൽ നീ തൃപ്തനാവുക എന്നാൽ നീ ജനങ്ങളിൽ ഏറ്റവും ഐശ്വര്യമുള്ളവനാകും**

.

وأحسن إلى جارك تكن مؤمنًا

**നിന്റെ അയൽവാസിക്ക് നീ ഗുണം ചെയ്യുക എന്നാൽ നീ ഒരുവിശ്വാസിയാകും**

وأحبَّ للناس ما تُحبّ لنفسك تكن مسلمًا

**നിന്റെ ശരീരത്തിന് ഇഷ്ടമുള്ളത് മറ്റു ആളുകൾക്കും നീ ഇഷ്ടപ്പെടുക എന്നാൽ നീ ഒരു മുസ്‌ലിം ആകും**

ولا تكثر الضحك فإن كثرة الضحك تميت القلب

**പൊട്ടിച്ചിരി നീ വർദ്ധിപ്പിക്കരുത് കാരണം പൊട്ടിച്ചിരിയുടെ വർദ്ധനവ് നിന്റെ ഹൃദയത്തെ മരിപ്പിച്ചു കളയും**

## الوصية بذكر الله بعد الصلاة
## നിസ്കാരശേഷം ദിക്റ് കൊണ്ടുള്ള വസിയ്യത്ത്

عن معاذ بن جبل رضي الله عنه أن رسول الله صلى الله عليه وسلم أخذ بيده وقال: "يا معاذ والله إني لأحبك، والله إني لأحبك، فقال: "أوصيك يا معاذ لا تدعنّ في دبر كل صلاة تقول: اللهم أعنّي على ذكرك وشكرك وحسن عبادتك".

**മുആദ് ബിൻ ജബൽ(റ) നെതൊട്ട് ഉദ്ധരിക്കുന്നു. നബി(സ) മുആദ്(റ) ന്റെ കൈ പിടിച്ചു എന്നിട്ട് പറഞ്ഞു. ഓ! മുആദ്! അല്ലാഹുവാണെ നിന്നെ ഞാൻ ഇഷ്ടപ്പെടുന്നു. അല്ലാഹുവാണെ നിന്നെ ഞാൻ ഇഷ്ടപ്പെടുന്നു. എന്നിട്ട് നബി (സ) പറഞ്ഞു. ഓ! മുആദ്, " അല്ലാഹുമ്മ അഇന്നീ അലാദിക്‌രിക വ ശുക്‌രിക വഹുസ്നി ഇബാദതിക" എന്ന ദിക്ർ നിസ്കാരശേഷം ചൊല്ലുന്നത് നീ ഒഴിവാക്കരുത്.**

## من حقوق المسلم على المسلم
## ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിനോട് ചെയ്യേണ്ട കടപ്പാട്

عن أبي هريرة رضي الله عنه قال: قال رسول الله صلى الله عليه وسلم : "لا تحاسدوا، ولا تناجشوا، ولا تباغضوا، ولا تدابروا، ولا يبع بعضكم على بيع بعض، وكونوا عباد الله إخوانًا، المسلم أخو المسلم، لا يظلمه ولا يخذله ولا يحقره، التقوى هاهنا، ويشير إلى صدره ثلاث مرات، بحسب امرئ مسلم من الشرّ أن يحقر أخاه المسلم، كل المسلم على المسلم حرام، دمه، وماله، وعرضه

www.islamkerala.com

അബൂഹുറൈറ(റ)യെത്തൊട്ട് ഉദ്ധരിക്കുന്നു. നബി(സ)പറഞ്ഞു. നിങ്ങൾ പരസ്പരം അസൂയ വെക്കരുത്. പരസ്പരം ചാര പ്രവർത്തനം നടത്തരുത്., പരസ്പരം ദേശ്യം വെക്കരുത്, പിന്തിരിപ്പൻ മനോഭാവം ഉണ്ടാവരുത്, ഒരാൾക്ക് എതിരായി നിങ്ങൾ കച്ചവടം നടത്തരുത്, നിങ്ങൾ സാഹോദര്യത്തോടെയുള്ള അല്ലാഹുവിന്റെ അടിമകളാവുക, ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന്റെ സഹോദരനാണ്. അവനെ അക്രമിക്കരുത്, അവനെ നിസ്സാരമാക്കരുത്, അവനെ നിന്ദ്യനാക്കരുത്, തഖ്‌വ ഇവിടെയാണ് (എന്നിട്ട് നെഞ്ചിലേക്ക് മൂന്ന് പ്രാവശ്യം ചൂണ്ടി) ഒരു മുസ്ലിമിന്ന് ശറ് കിട്ടാൻ ഏറ്റവും മതിയായത് അവന്റെ സഹോദരനെ നിസ്സാരമാക്കലാണ്. എല്ലാമുസ്ലിമും പരസ്പരംരക്തവും,സമ്പത്തും, അഭിമാനവും ഹറാമാണ്.

## وصية النبي لابن عباس

### ഇബ്ന് അബ്ബാസ്(റ)നോട് നബി(സ) ചെയ്ത വസ്വിയ്യത്ത്

عن أبي عباس رضي الله عنه قال: كنت خلف رسول الله صلى الله عليه وسلم يومًا فقال: "يا غلام إني أعلمك كلمات: احفظ الله يحفظك، احفظ الله تجده تجاهك، إذا سألت فاسأل الله، وإذا استعنت فاستعن بالله، واعلم أن الأمة لو اجتمعت على أن ينفعوك بشيء لم ينفعوك إلا بشيء قد كتبه الله لك، ولو اجتمعوا على أن يضروك بشيء لم يضروك إلا بشيء قد كتبه الله عليك، رفعت الأقلام وجفّت الصحف

ഇബ്ന് അബ്ബാസ്(റ)നെതൊട്ട് ഉദ്ധരിക്കുന്നു, അദ്ദേഹംപറഞ്ഞു. ഞാൻ നബി(സ)യുടെ പിന്നിൽ ഒരു ദിവസം നിൽക്കുമ്പോൾ നബി(സ) പറഞ്ഞു. ഓ! കുട്ടി, ഞാൻ നിനക്ക് ചില വാക്കുകൾ പഠിപ്പിച്ചു തരാം, നീ അല്ലാഹുവിനെ. സൂക്ഷിച്ചാൽ അല്ലാഹു നിന്നെ സൂക്ഷിക്കും. അല്ലാഹുവിനെ നീ സൂക്ഷിച്ചാൽ, അല്ലാഹുവിനെ നിന്റെ എല്ലാ കാര്യത്തിലും എത്തിക്കും. നീ ചോദിക്കു കയാണെങ്കിൽ അല്ലാഹുവിനോട് മാത്രം ചോദിക്കുക. നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവിനോട് മാത്രം സഹായം തേടുക, അത് കൊണ്ട് നീ മനസ്സിലാക്കൂ
ഒരു സമൂഹം നിനക്ക് ഉപകാരം ചെയ്യാൻ ഒരുമിച്ചുകൂടിയാലും അല്ലാഹു നിനക്ക് കണക്കാക്കിയതല്ലാതെ അവർക്കൊന്നും ചെയ്യാൻ കഴിയില്ല. നിനക്ക് വല്ല ഉപദ്രവവും ചെയ്യാൻ അവർ ഒരുമിച്ചു കൂടിയാലും അല്ലാഹു കണക്കാക്കിയതല്ലാതെ അവർക്കൊന്നും ചെയ്യാൻ സാധ്യമല്ല. പെൻ ഉയർത്തപ്പെടുകയും മഷി ഉണങ്ങുകയും ചെയ്തിരിക്കുന്നു.

## مقدمات دخول الجنة:

### സ്വർഗ്ഗപ്രവേശനത്തിനുള്ള മുന്നൊരുക്കങ്ങൾ

www.islamkerala.com

عن أبي هريرة رضي الله عنه قال: قلت يا رسول الله! إني إذا رأيتك طابت نفسي وقرّت عيني فأنبئني عن كل شيء؟ فقال:" كل شيء خُلق من ماء" قال: قلت يا رسول الله أنبئني عن أمر إذا أخذت به دخلت الجنّة؟ قال: "أفش السلام، وأطعم الطعام، وصلِ الأرحام، وقُم بالليل والناس نيام، ثم ادخل الجنة بسلام

**അബൂഹുറൈറ(റ)യെ തൊട്ട് ഉദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ! തീർച്ചയായും തങ്ങളെ ഞാൻ കണ്ടാൽ എന്റെ മനസ്സും ശരീരവും സന്തോഷകരമാകും എന്റെ കണ്ണ് കുളിർമ്മയുള്ളതുമാകും. അത് കൊണ്ട് എല്ലാ കാര്യത്തെക്കുറിച്ചും എനിക്ക് അറിയിച്ചു തരണം. അപ്പോൾ നബി(സ) പറഞ്ഞു. എല്ലാ വസ്തുക്കളും സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് വെള്ളത്തിൽ നിന്നാണ്. അപ്പോൾ ഞാൻപറഞ്ഞു. അല്ലാഹുവിന്റെറസൂലേ! സ്വർഗ്ഗത്തിൽ കടക്കാൻ പറ്റുന്ന വല്ലകാര്യവും അറിയിച്ചുതരുമോ ? നബി(സ)പറഞ്ഞു. സലാം പ്രചരിപ്പിക്കുക, ഭക്ഷണം ഭക്ഷിപ്പിക്കുക, കുടുംബ ബന്ധം ചേർക്കുക, ജനങ്ങളെല്ലാം ഉറങ്ങുമ്പോൾ രാത്രി എഴുന്നേറ്റ് നിസ്ക്കരിക്കുക എന്നാൽ രക്ഷയോടെ സ്വർഗ്ഗത്തിൽ കിടക്കാം.**

## ثلاث وصايا من النبي صلى الله عليه وسلم لأبي ذر:

## അബൂ ഹുറൈറ(റ)യോട് നബി(സ) പറഞ്ഞ മൂന്ന് വസിയ്യത്തുകൾ

عن أبي هريرة رضي الله عنه قال: أوصاني خليلي بثلاث لا أدعهن حتى أموت:

**അബൂ ഹുറൈറ(റ)യെ തൊട്ട് ഉദ്ധരിക്കുന്നു അദ്ദേഹം പറഞ്ഞു. എന്റെ സ്നേഹിതൻ(നബി)എന്നോട് മൂന്ന് കാര്യം കൊണ്ട് വസിയ്യത്ത് ചെയ്തിട്ട് പറഞ്ഞു. അതൊരിക്കലും മരണം വരെ ഒഴിവാക്കരുത് എന്ന്.**

صوم ثلاثة أيام من كل شهر

**ഒന്ന് : എല്ലാ മാസത്തിലും മൂന്ന് നോമ്പ് അനുഷ്ഠിക്കുക**

وصلاة الضحى

**രണ്ട് : ളുഹാ നിസ്കരിക്കുക**

ونوم على وتر

**മൂന്ന് : വിത്റ് നിസ്കരിച്ചതിനു ശേഷം ഉറങ്ങുക.**

## الوصية بالإحسان في ذبح الحيوان

## ജീവികളെ അറുക്കുമ്പോഴുള്ള നന്മകളെക്കുറിച്ചുള്ള വസിയ്യത്ത്

www.islamkerala.com

عن شدّاد بن أوس رضي الله عنه أن النبي صلى الله عليه وسلم قال: "إن الله كتب الإحسان على كل شيء، فإذا قتلتم فأحسنوا القِتلة وإذا ذبحتم فأحسنوا الذِّبحة، وليُحدّ أحدكم شفرته، وليُرِح ذبيحته

**ശദ്ദാദ് ബിൻ ഔസ്(റ) നെതൊട്ട് റിപ്പോർട്ട് നബി(സ) പറഞ്ഞു. എല്ലാ വസ്തുക്കളോടുമുള്ള നന്മ അല്ലാഹു രേഖപ്പെടുത്തിയിട്ടുണ്ട്. അത് കൊണ്ട് ഒരാളെ കൊല്ലുകയാണെങ്കിൽ(യുദ്ധത്തിലോമറ്റോ) നല്ലരീതിയിൽ കൊല്ലുക.ഒരു ജീവിയെ അറുക്കുകയാണെങ്കിൽ നല്ല രീതിയിൽ അറുക്കുക ആയുദത്തിന്റെ മൂർച്ച കൂട്ടുക, അറുക്കപ്പെടുന്ന ജീവിയോട് മൃതുലത കാട്ടുക.**

## النهي عن الإسراف والخيلاء

## ലുബ്ധതയെത്തൊട്ടും ദുർവിനിയോഗത്തെത്തൊട്ടുമുള്ള വിലക്ക്

عن عمرو بن شعيب عن أبيه عن جده، قال: قال رسول الله صلى الله عليه وسلم "كلوا وتصدقوا والبسوا في غير إسراف ولا مخيلة

**അംറ് ബിൻ ശുഅയ്ബ്(റ)ത്തൊട്ട് റിപ്പോർട്ട് നബി(സ) പറഞ്ഞു ലുബ്ധതയും ദുർവിനിയോഗവും കൂടാതെ തിന്നുകയും, ധർമ്മം ചെയ്യുകയും, ധരിക്കുകയും ചെയ്യുക**

## ستة أمور يضمن بها الجنة

## സ്വർഗ്ഗം ജാമ്യം നിൽക്കുന്ന ആറ് കാര്യങ്ങൾ

عن عبادة بن الصامت رضي الله عنه أن النبي صلى الله عليه وسلم قال: "اضمنوا لي ستًّا من أنفسكم أضمن لكم الجنة

**ഇബാദത്ത് ബിന് സ്വാമിത്(റ)നെത്തൊട്ട് റിപ്പോർട്ട് നബി(സ) പറഞ്ഞു. ആറു കാര്യത്തിന് നിങ്ങളെനിക്ക് ജാമ്യം നിന്നാൽ ഞാൻ നിങ്ങൾക്ക് സ്വർഗ്ഗം കൊണ്ട് ജാമ്യം നിൽക്കും**

اصدقوا إذا حدّثتم

**സംസാരിക്കുമ്പോൾ സത്യം മാത്രം പറയുക**

وأوفوا إذا وعدتم

**നിങ്ങളോട് വാഗ്ദത്വം ചെയ്താൽ അത് നിങ്ങൾ നിറവേറ്റുക.**

وأدّوا إذا اؤتمنتم

**നിങ്ങളെ വിശ്വസിച്ചാൽ അത് നിങ്ങൾ വീട്ടുക**

واحفظوا فروجكم

**നിങ്ങളുടെ ഗുഹ്യസ്ഥാനങ്ങൾ നിങ്ങൾ സൂക്ഷിക്കുക**

وغضوا أبصاركم

**നിങ്ങളുടെ കണ്ണുകൾ(ഹറാമായ കാര്യങ്ങളിൽ നിന്ന്) നിങ്ങൾ അടക്കുക**

وكُفّوا أيديكم

www.islamkerala.com

നിങ്ങളുടെ കരങ്ങൾ അടക്കി വെക്കുക

## اغتنم خمسًا قبل خمس

## അഞ്ച് കാര്യങ്ങൾക്ക് മുമ്പ് അഞ്ച് കാര്യങ്ങൾകൊണ്ട് നിങ്ങൾ വിജയിയാവുക

قال النبي صلى الله عليه وسلم لرجل وهو يعظه: اغتنم خمسًا قبل خمس:
ഒരാളോട് നബി(സ) ഉപദേശിക്കുമ്പോൾ നബി(സ) പറഞ്ഞു. അഞ്ച് കാര്യങ്ങൾ വരുന്നതിന് മുമ്പ് അഞ്ച് കാര്യം കൊണ്ട് നീ വിജയിയാവുക

شبابك قبل هرمك
വാർദ്ധക്യത്തിന് മുമ്പ് യുവത്വത്തെ നീ സൂക്ഷിക്കുക
وصحتك قبل سقمك
രോഗത്തിന് മുമ്പ് ആരോഗ്യത്തെ നീ സൂക്ഷിക്കുക
وغناك قبل فقرك
ദാരിദ്ര്യത്തിനു മുമ്പ് ഐശ്വര്യത്തെ നീ സൂക്ഷിക്കുക
وفراغك قبل شغلك
ജോലിക്ക് മുമ്പ് ഒഴിവിനെ നീ സൂക്ഷിക്കുക
وحياتك قبل موتك
മരണത്തിനു മുമ്പ് ജീവിതത്തെ നീ സൂക്ഷിക്കുക

## كن في الدنيا كأنك غريب

## നീ ഇഹലോകത്ത് ഒരു വിദേശിയപ്പോലെയാവുക

عن أبي عمر رضي الله عنهما قال: أخذ رسول الله صلى الله عليه وسلم بمنكبي فقال: "كن في الدنيا كأنك غريب أو عابر سبيل". وكان ابن عمر رضي الله عنهما يقول: "إذا أمسيت فلا تنتظر الصباح، وإذا أصبحت فلا تنتظر المساء، وخذ من صحتك لمرضك، ومن حياتك لموتك
ഇബ്ന് ഉമർ(റ)നെത്തൊട്ട് റിപ്പോർട്ട് അദ്ദേഹം പറഞ്ഞു എന്റെചുമലിൽ നബി (സ) പിടിച്ചു പറഞ്ഞു. നീ ഇഹലോകത്ത് ഒരു വിദേശിയപ്പോലെയോ അല്ലെങ്കിൽ ഒരു വഴിയാത്രക്കാരനെപ്പോലെയോ ആവുക.
ഇബ്ന് ഉമർ(റ) പറയുന്നവരായിരുന്നു നീ വൈകുന്നേരമായാൽ പ്രഭാതത്തിലേക്ക് നോക്കരുത് പ്രഭാതമായാൽ വൈകുന്നേരത്തേക്കും നോക്കരുത് നിന്റെ ആരോഗ്യത്തിൽനിന്ന് നിന്റെ രോഗത്തിനു വേണ്ടി നീ പിടിക്കുക നിന്റെ ജീവിതത്തിൽ നിന്ന് മരണത്തിനു വേണ്ടിയും നീ പിടിക്കുക

## من وصاياه صلى الله عليه وسلم في السفر

www.islamkerala.com

## യാത്രയിലെ നബി(സ)യുടെ വസ്വിയ്യത്തുകൾ

عن أبي هريرة رضي الله عنه عن النبي صلى الله عليه وسلم قال: السّفر قطعة من العذاب، يمنع أحدكم طعامه، وشرابه، ونومه فإذا قضى نهمته فليعجّل إلى أهله".

**അബൂ ഹുറൈറ(റ)യെത്തൊട്ട് റിപ്പോർട്ട് നബി(സ) പറഞ്ഞു. യാത്ര ശിക്ഷയിൽ നിന്നുള്ള ഒരുഭാഗമാണ്. നിങ്ങളുടെ ഭക്ഷണവും നിങ്ങളുടെ വെള്ളവും നിങ്ങളുടെ ഉറക്കവും അതിൽ നഷ്ടമാകും അത് കൊണ്ട് നിങ്ങളുടെ ലക്ഷ്യം പൂർത്തിയായാൽ നിങ്ങൾ നിങ്ങളുടെ വീട്ടിലേക്ക് മടങ്ങുക.**

## من أذكار الصباح و المساء
## രാവിലെയും വൈകുന്നേരവും ചൊല്ലേണ്ട ദിക്റുകൾ

عن أنس بن مالك رضي الله عنه قال: قال رسول صلى الله عليه وسلم لفاطمة رضي الله عنها: "ما يمنعك أن تسمعي ما أوصيك به أن تقولي إذا أصبحت وإذا أمسيت: يا حي يا قيّوم، برحمتك أستغيث، أصلح لي شأني كله، ولا تكلني إلى نفسي طرفة عين

**അനസ് ബിന് മാലിക്(റ) നെത്തൊട്ട് റിപ്പോർട്ട് നബി(സ) ഫാതിമാ(റ)യോട് പറഞ്ഞു. ഞാൻ നിന്നോട് വസ്വിയ്യത്ത് ചെയ്യുന്ന കാര്യങ്ങൾ കേൾക്കുന്നതിനെത്തൊട്ട് നിന്നെ തടയാതിരിക്കട്ടെ അതായത് പ്രഭാതവും പ്രദോശവുമായാൽ "യാഹയ്യു യാഖയ്യൂം ബിറഹ്മതിക അസ്തഗീസ് അസ്വ്ലിഹ്ലീ ഷഅ്നീ കുല്ലഹൂവലാതകിൽനീ ഇലാനഫ്സീത്വർഫതഅയ്ൻ" എന്ന് ചൊല്ലണം.**

## من صفات المؤمن
## വിശ്വാസിയുടെ ഗുണങ്ങൾ

عن أبي هريرة رضي الله عنه قال: قال الرسول صلى الله عليه وسلم : "المؤمن القوي خير وأحبّ إلى الله من المؤمن الضعيف، وفي كلٍّ خير، احرص على ما ينفعك، واستعن بالله ولا تعجز، وإن أصابك شيء فلا تقل لو أني فعلت كان كذا وكذا، ولكن قل قدر الله وما شاء فعل، فإن لو تفتح عمل الشيطان

**അബൂഹുറൈറ(റ)യെത്തൊട്ട്റിപ്പോർട്ട് നബി(സ)പറഞ്ഞു ശക്തനായ വിശ്വാസിയാണ് ദുർബലനായ വിശ്വാസിയേക്കാൾ ഉത്തമനും അല്ലാഹുവിലേക്ക് ഏറ്റവും ഇഷ്ടപ്പെട്ടവനും, എല്ലാ കാര്യത്തിലും ഗുണമുണ്ട്, നിനക്ക് ഗുണമുള്ളതിലൊക്കെ നീ താൽപര്യമുള്ളവനായിരിക്കണം, അല്ലാഹുവിനോട് സഹായം തേടുക, നീ ഒരിക്കലും ദുർബലനാവരുത്, നിനക്ക് വല്ല പ്രശ്നവും നേരിട്ടാൽ അങ്ങിനെയോ ഇങ്ങിനെയോ ചെയ്തിരുന്നെങ്കിൽ എന്ന് നീ പറയരുത് മറിച്ചു എല്ലാം അല്ലാഹു കണക്ക് പ്രകാരവും അല്ലാഹുവിന്റെ ഉദ്ദേശപ്രകാരവു**

www.islamkerala.com

മാണ് എന്ന് നീ പറയണം(ലൗ)എന്ന പ്രയോഗം പിശാചിന്റെ പ്രവർത്തനത്തിന് വഴി തുറക്കും.

## في ذم الظلم والشُّح
## അക്രമവും പിശുക്കും

عن جابر بن عبد الله رضي الله عنه أن رسول الله صلى الله عليه وسلم قال: "اتقوا الظلم، فإن الظلم ظلمات يوم القيامة، واتقوا الشُّحّ، فإن الشُّحّ أهلك من كان قبلكم، حملهم على أن سفكوا دماءهم واستحلّوا محارمهم

**ജാബിർ ബിന് അബ്ദുല്ലഹ്(റ) യെത്തൊട്ട് റിപ്പോർട്ട് നബി(സ) പറഞ്ഞു അക്രമം നിങ്ങൾ സൂക്ഷിക്കുക തീർച്ചയായും അക്രമം അന്ത്യനാളിലെ അക്രമങ്ങളിൽ പെട്ടതാണ് പിശുക്കിനെയും നിങ്ങൾ സൂക്ഷിക്കുക കാരണം പിശുക്കാണ് നിങ്ങൾക്ക് മുമ്പുള്ള സമൂഹത്തെ നശിപ്പിച്ചത്. അങ്ങിനെ രക്തം ചൊരിയാനും നിശിദ്ധമായത് സ്വീകരിക്കാനും അവരെ പ്രേരിപ്പിച്ചു.**

## النهي عن الدعاء على النفس والأولاد والمال
## സമ്പത്ത്, സന്താനം, സ്വശരീരം എന്നിവക്കെതിരായി പ്രാർത്ഥിക്കൽ

عن جابر رضي الله عنه قال: قال رسول الله صلى الله عليه وسلم : "لا تدعوا على أنفسكم، ولا تدعوا على أولادكم، ولا تدعوا على أموالكم، لا توافقوا من الله ساعة يُسأل فيها عطاء فيستجيب لكم

**ജാബിർ(റ)നെത്തൊട്ട് റിപ്പോർട്ട് നബി(സ) പറഞ്ഞു നിങ്ങൾ നിങ്ങളുടെ ശരീരം, നിങ്ങളുടെ സന്താനങ്ങൾ, നിങ്ങളുടെസമ്പത്ത് എന്നിവക്ക് എതിരെ നിങ്ങൾ പ്രാർത്ഥിക്കരുത് നിങ്ങളുടെ ഇത് പോലുള്ള പ്രാർത്ഥന അല്ലാഹുവിൽ നിന്നുള്ള ഒരുസമയത്തോട് യോജിച്ചുവരരുത് ആസമയത്ത് അല്ലാഹു ഉത്തരം നൽകും**

## اجتنبوا السبع الموبقات
## ഏഴു വൻദോഷങ്ങൾ നിങ്ങൾ വെടിയുക

عن أبي هريرة رضي الله عنه عن النبي صلى الله عليه وسلم قال: "اجتنبوا السبع الموبقات" قالوا: يا رسول الله وما هُنّ؟ قال

**അബൂഹുറൈറ(റ)യെ തൊട്ട് റിപ്പോർട്ട് നബി(സ) പറഞ്ഞു ഏഴ് വൻ ദോഷങ്ങൾ നിങ്ങൾ വെടിയുക അപ്പോൾ സ്വഹാബത്ത് ചോദിച്ചു യാ റസൂലല്ലാഹ്! ഏതാണവ അപ്പോൾ നബി(സ) പറഞ്ഞു**

الشرك بالله

www.islamkerala.com

അല്ലാഹുവിൽ പങ്ക് ചേർക്കക
والسحر
മാരണം
وقتل النفس التي حرّم الله إلا بالحق
കൊല നടത്തൽ
وأكل الربا
പലിശ ഭക്ഷിക്കുക
وأكل مال اليتيم
അനാഥകളുടെ മുതൽ ഭക്ഷിക്കുക
والتولي يوم الزحف
യുദ്ധത്തിൽ നിന്ന് പിൻതിരിഞ്ഞോടുക
وقذف المحصنات المؤمنات الغافلات
പതിവ്രതകളായ മുസ്ലിം സ്ത്രീകളെ കുറ്റം (വ്യഭിചാരരോപണം പറയുക)

## إعاذة من استعاذ بالله
## കാവൽ ചോദിക്കൽ

عن ابن عمر رضي الله عنهما قال: قال رسول الله صلى الله عليه وسلم : "من استعاذكم بالله فأعيذوه، ومن سألكم بالله فأعطوه، ومن دعاكم فأجيبوه، ومن صنع إليكم معروفًا فكافئوه، فإن لم تجدوا ما تكافئونه فادعوا له حتى تروا أنكم قد كافأتموه
ഇബ്ന് ഉമർ(റ)നെതൊട്ട് റിപ്പോർട്ട് നബി(സ) പറഞ്ഞു. അല്ലാഹുവിനെ കൊണ്ട് നിങ്ങളോട് ആരെങ്കിലും കാവൽ ചോദിച്ചാൽ അവന്ന് നിങ്ങൾ കാവൽനൽകുക, അല്ലാഹുവിനെക്കൊണ്ട് നിങ്ങളോട്ആരെങ്കിലും വല്ലതും ചോദിച്ചാൽ നിങ്ങളവന്ന് നൽകുക, നിങ്ങളെ വല്ലവരും ക്ഷണിച്ചാൽ നിങ്ങളവർക്ക് ഉത്തരംനൽകുക, നിങ്ങൾക്ക്വല്ലവരും ഉപകാരംചെയ്താൽ നിങ്ങൾ അവർക്ക് പ്രത്യുപകാരംചെയ്യാൻ നിങ്ങളുടെപക്കൽ ഒന്നുമില്ലെങ്കിൽ പ്രത്യുപകാരമായി എന്ന് തോന്നുന്നത് വരെ നിങ്ങൾ അവർക്ക് വേണ്ടി പ്രാർത്ഥിക്കുക.

## في فضل يوم الجمعة
## ജുമുഅയുടെ ശ്രേഷ്ഠത

عن أوس بن أوس رضي الله عنه قال: قال رسول الله صلى الله عليه وسلم : "إن من أفضل أيامكم يوم الجمعة فيه خُلِق آدم وفيه قُبض وفيه النفخة وفيه الصعقة فأكثروا عليّ من الصلاة فيه فإن صلاتكم معروضة عليّ
ഔസ് ബിന് ഔസ്(റ)നെതൊട്ട് റിപ്പോർട്ട് നബി(സ) പറഞ്ഞു. നിങ്ങളുടെ ദിവസങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ ദിവസം വെള്ളിയാഴ്ച ദിവസമാണ്. ആദം നബി(അ)സൃഷ്ടിച്ചത് വെള്ളിയാഴ്ചയാണ്, അന്ന് തന്നെയാണ് ആദം നബി

www.islamkerala.com

(അ)യുടെ ആത്മാവ്പിടിച്ചതും, വെള്ളിയാഴ്ചയാണ് സൂറിൽ ഊതുക, അന്ന് തന്നെയാണ് അന്ത്യനാളും. അത് കൊണ്ട് എന്റെ മേൽ നിങ്ങൾ കൂടുതൽ സ്വലാത്ത് ചെല്ലുക. കാരണം നിങ്ങളുടെസ്വലാത്തുകൾ എന്നിലേക്ക് വെളിവാക്കപ്പെടും.

## عشر وصايا من النبي صلى الله عليه وسلم لمعاذ

### മുആദ്(റ) നോട് നബി(സ) ചെയ്ത പത്ത് വസ്വിയ്യത്തുകൾ

عن معاذ بن جبل رضي الله عنه قال: أوصاني رسول الله صلى الله عليه وسلم بعشر كلمات فقال

**മുആദ്(റ)നെതൊട്ട് ഉദ്ധരിക്കുന്നു. അദ്ദേഹംപറഞ്ഞു അല്ലാഹുവിന്റെ റസൂൽ(സ)പത്ത് കാര്യം കൊണ്ട് വസ്വിയ്യത്ത് ചെയ്തു കൊണ്ട് എന്നോട് പറഞ്ഞു.**

لا تُشرك بالله وإن قُتلت وحُرقت

**നീ കൊല ചെയ്യപ്പെട്ടാലും, കരിക്കപ്പെട്ടാലും അല്ലാഹുവിൽ നീ പങ്ക് ചേർക്കരുത്.**

ولا تعُقنّ والديك وإن أمراك أن تخرج من أهلك ومالك

**നിന്റെ സമ്പത്തിൽ നിന്നും വീട്ടുകാരിൽ നിന്നും നിന്നെ പുറത്താക്കിയാലും നീ മാതാപിതാക്കളെ ആക്ഷേപിക്കരുത്.**

ولا تتركنّ صلاة مكتوبة متعمدًا، فإن من ترك صلاة مكتوبة متعمّدًا فقد برئت منه ذمة الله

**മന:പ്പൂർവ്വം ഫർള് നിസ്കാരം നീ ഉപേക്ഷിക്കരുത് വല്ലവനും മന:പ്പൂർവ്വം ഫർള് നിസ്കാരം ഉപേക്ഷിച്ചാൽ അല്ലാഹുവിന്റെ സംരക്ഷണം അവനിൽ നിന്നൊഴിവായി**

ولا تشربنّ خمرًا فإنه رأس كل فاحشة

**നീ കള്ള് കുടിക്കരുത് കാരണം എല്ലാ തിന്മയുടെയും കേന്ദ്രമാണത്**

وإياك والمعصية فإن بالمعصية حلّ سخط الله

**നീ കുറ്റങ്ങളും തെറ്റുകളും സൂക്ഷിക്കുക ,അത് കാരണം അല്ലാഹുവിന്റെ ദേശ്യം ഇറങ്ങും**

وإياك والفرار من الزحف وإن هلك الناس

www.islamkerala.com

ജനങ്ങൾക്ക് മുഴുവൻ നാശം നേരിട്ടാലും യുദ്ധത്തിൽ നിന്ന് പിൻ തിരിയുന്നതിൽ നിന്ന് നീ സൂക്ഷിക്കണം

وإن أصاب الناس موت فاثبت
ജനങ്ങൾക്ക് മരണം എത്തിയാലും നീ ഉറച്ചു നിൽക്കണം (യുദ്ധത്തിൽ )

وأنفق على أهلك من طولك
നിന്റെ ജീവിതം നിന്റെ കുടുംബത്തിനു വേണ്ടി ചിലവഴിക്കുക

ولا ترفع عنهم عصاك أدبًا
ഒരിക്കലും അവർക്ക് മേൽ നിന്റെ ചാട്ടവാർ ഉയർത്തരുത്
وخِفهم في الله
അല്ലാഹുവിന്റെ കാര്യത്തിൽ അവരെ ഭയപ്പെടുക

**وصية من وصايا الرسول** صلى الله عليه وسلم
ഈ വസിയ്യത്തുകൾ നബി(സ)യുടെ വസിയ്യത്തുകളിൽ നിന്ന് ശേഖരിച്ചതാണ്.

=====================================================================

തയ്യാറാക്കിയത് : ഹനീഫ മുസ്‌ലിയാർ പുറത്തൂർ

മാന്യ സുഹൃത്തുക്കളെ,, ഈസന്ദേശം നിങ്ങളുടെ സുഹൃത്തുക്കൾക്കും മറ്റ് സഹോദര സഹോദരിമാർക്കും ഫോർവേഡ്ചെയ്ത് പുണ്യം നേടുന്നതിൽ പങ്കാളിയാവുക.
നിങ്ങളുടെ വിലപ്പെട്ട സമയത്തുള്ള പ്രാർത്ഥനയിൽ ഇത് തയ്യാറാക്കിയ ഹനീഫ ഉസ്താദിനെയും ഇസ്‌ലാംകേരള പ്രവർത്തകരെയും, നമ്മുടെ മാതാപിതാക്കളെയും നാമുമായി ബന്ധപ്പെട്ടവരെയും ഉൾപ്പെടുത്തണമെന്ന് വളരെ വിനയത്തോടെ,,,,,,,,


ഇസ്‌ലാമിക വിശ്വാസ അനുഷ്ഠാന പഠന പ്രചരണ രംഗത്ത് സുന്നികേരളത്തിന്റെ ആദ്യത്തെ വെബ്സൈറ്റ്

www.islamkerala.com



E-mail : abdulla_cherumba@yahoo.com
Mobile : 0091 9400534861


www.islamkerala.com